(Pages : 3) **E – 1586**

Reg. No. : ...............................

Name : ..................................

# Sixth Semester B.A. Degree Examination, April 2018
## First Degree Programme Under CBCSS
## MALAYALAM : LANGUAGE, CULTURE AND LITERATURE
## Core Course – XIII - ML 1643 : മലയാളകവിത – ഉത്തരഘട്ടം
## (2014 Admission Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1) 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന അന്യാപദേശകൃതിയുടെ കർത്താവ് ആരാണ് ?

2) മലയാളകവിതയുടെ കാല്പനിക വസന്തത്തിന് പ്രാരംഭം കുറിച്ച എ. ആറിന്റെ കൃതി ഏതാണ് ?

3) 'കടലിൽ തങ്ങിയ കാന്തഭൂമി' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആരാണ് ?

4) പ്രഥമജ്ഞാനപീഠപുരസ്കാരം ലഭിച്ച കവി ആര് ? കൃതി ഏത് ?

5) ജി. ശങ്കരക്കുറുപ്പിന്റെ 'പെരുന്തച്ചൻ' എന്ന കാവ്യം ഏതു വിഭാഗത്തിൽ പെടുന്നു ?

6) ഡി. വിനയചന്ദ്രന് കേരളസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കാവ്യസമാഹാരം ഏതാണ് ?

7) മലയാളത്തിൽ ആധുനികതയ്ക്ക് തുടക്കമിട്ടത് അയ്യപ്പപണിക്കരുടെ ഏത് കവിതയാണ് ?

8) 'വീണപൂവ്' ആദ്യമായി പ്രസിദ്ധീകരിച്ച മാസിക ഏതാണ് ?

9) 'കൗസല്യ' എന്ന കവിതയ്ക്ക് പ്രേരകമായ ശ്ലോകം ഏതു കാവ്യത്തിൽ നിന്നുള്ളതാണ് ?

10) വള്ളത്തോൾ എഴുതിയ മഹാകാവ്യം ഏത് ? **(10×1=10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

11) "ഇന്നു ഞങ്ങൾക്ക് കിണറുണ്ട് വെള്ളമില്ല" – സൂചിതമെന്ത് ?

12) "കുന്നുകളറഞ്ഞറഞ്ഞൊക്കെയും നിരപ്പാക്കി,
മണ്ണുകൊണ്ടകലത്തെക്കായലിൽ ച്ചിറകെട്ടി,
കാരുരുക്കുരുക്കുന്ന വേനലോടടരാടി –
ക്കാത്തുകാത്തവസാനം ഞങ്ങളീജയം നേടി" – ആശയം വ്യക്തമാക്കുക.

P.T.O.

sweetlibrary.in

13) ഭാവഗീതം – കുറിപ്പെഴുതുക.

14) 'പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ' എന്ന കവിത മുന്നോട്ടു വയ്ക്കുന്ന ലിംഗസ്വത്വപരമായ കാഴ്ചപ്പാടുകൾ എന്തെല്ലാം ?

15) കാല്പനികതയുടെ പ്രാരംഭദിശയിൽ ഖണ്ഡകാവ്യങ്ങൾക്കുള്ള പ്രസക്തി എന്ത് ?

16) "കണ്ണുവേണം മുകളിലും താഴെയും
കണ്ണിനുള്ളില് കത്തിജ്വലിക്കും
ഉൾക്കണ്ണ് വേണം, അണയാത്ത കണ്ണ് "– ഈ വരികളിൽ നിഴലിക്കുന്ന ജീവിത ദർശനം എന്ത് ?

17) "അടയുന്ന കൺപോളകളോടെ
ഓർക്കുവാൻ ശ്രമിക്കുന്നു
ചോരയിൽ ചവുട്ടി നിൽക്കുന്ന ആൾക്കൂട്ടം" – കവിത പങ്കുവയ്ക്കുന്ന ദുരന്തചിത്രം എന്ത് ?

18) വള്ളത്തോൾക്കവിതകളുടെ പൊതുസ്വഭാവം എന്തെല്ലാം ?

19) റിയലിസത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

20) ആഖ്യാനകവിതകളുടെ സവിശേഷതകൾ എന്തെല്ലാം ?

21) "മാരണദേവതയാമതുമാറ്റും മണവറ പട്ടടയായ്
മടുമലർവാടികമരുപ്പറമ്പായ്, വാനം നാരകമായ് " – സൂചിതമെന്ത് ?

22) "കാന്തന്റെ തേരിൽ കടിഞ്ഞാൺ പിടിക്കുന്നു
താൻ തന്നെ തേവിക്കൊടുക്കുമിപ്പെൺകൊടി" – ഈ വരികളിൽ സൂചിതമാകുന്ന പുരാവൃത്തം എന്ത് ?

**(8x2=16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23) മലയാള കവിതാസാഹിത്യചരിത്രത്തിൽ ഇടപ്പള്ളിക്കവികളുടെ സ്ഥാനം നിർണയിക്കുക.

24) "ചിരിചൊരിയുവാനായിയെൻ ദേശികൻ
ശിരസിതാഡനമേറ്റീ പലപ്പൊഴും
ഹ, ഹ, ഹ! വിസ്മയം, വിസ്മയം ലോകമേ!
അതിവിചിത്രമീ നൃത്തശിക്ഷാക്രമം!" – ആശയം വ്യക്തമാക്കുക.

gcwcentrallibrary.in

25) പുരാണ സന്ദർഭങ്ങളുടെ നവീനോപയോഗത്തിന് നിദർശനമാണ് 'കൗസല്യ' – വിശദമാക്കുക.

26) ''കാറുപോകാത്തീത്തവിട്ടു പാതയ്ക്കെല്ലാ –
മേതോ ചിറകുമുളയ്ക്കും.
വീണുകിടക്കും നിലാവുകുടിക്കുവാൻ
ആടും നിഴലുകൾ നോക്കും'' – ഈ വരികളുടെ ആശയം വ്യക്തമാക്കുക.

27) ''പൊള്ളയായ്ത്തരിശായിക്കിടക്കുമാകാശത്തിൽ
കൊള്ളിവയ്ക്കുവാൻ പുത്തൻ പദ്ധതിയുണ്ടെന്നോട്ടിൽ'' – ആശയം വ്യക്തമാക്കുക.

28) ''ഭാസുര ദാമ്പത്യത്തിൻ
മണിമേടയിൽ സ്വൈരം
നീ സഖി, യമരുമ്പോ –
ളോർക്കുക വല്ലപ്പോഴും'' – കവി ഓർക്കാൻ ആവശ്യപ്പെടുന്നതെന്തെല്ലാം ?

29) ''ഭദ്രം തേ, പിടിച്ചെന്നെക്കരേറ്റി നിൻ സൗശീല്യം;
ഭർത്താവോടചിരേണ ചേർന്നാലും സപുത്ര നീ'' – സന്ദർഭം എഴുതി ആശയം വിശദീകരിക്കുക.

30) ''കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥ ദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന'' മെന്നു നിന്റെ -
യീ ലോലമേനി പറയുന്നനുകമ്പനീയം'' – വിശദീകരിക്കുക.

31) ''ആരാണു വീറോടുപോരാടുമീ രണ്ടു
പോരാളിമാർകളെപ്പാടിപ്പുകഴ്ത്തുവാൻ'' – ആശയം വിശദമാക്കുക.

**(6×4=24 Marks)**

**IV. മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32) കാല്പനിക കവിതയുടെ സവിശേഷതകൾ ഇടപ്പള്ളിക്കവികളുടെ രചനകളെ അടിസ്ഥാനമാക്കി വിലയിരുത്തുക.

33) ആധുനികാനന്തര കവിതകളുടെ മുഖമുദ്ര ബഹുസ്വരതയാണ് – ഉപന്യസിക്കുക.

34) സമൂഹത്തിന്റെ പ്രതിഫലനമാണ് കവിത – ഉപന്യസിക്കുക.

35) 'വീണപൂവ്' എന്ന കാവ്യത്തിന് ആസ്വാദനം തയ്യാറാക്കുക. **(2×15=30 Marks)**

gcwcentrallibrary.in